Birds of KILA
കിലയിലെ പക്ഷികൾ

Birds of KILA
കിലയിലെ പക്ഷികൾ

Compiled and edited by
Babu K.K. | KILA

Survey conducted by
J.Patrick David
Jayan Ponnapan
C.Sivakumar

PERIYAR TIGER
CONSERVATION FOUNDATION

Kerala Institute of Local Administration (KILA)
Mulamkunnathukavu P.O., Thrissur - 680 581,Kerala.
Tel : 0487-2207000, Email : info@kila.ac.in, Website : www.kila.ac.in

follow us on:
/kilatcr /kilathrissur
/company/kilathrissur /kilatcr

Birds of KILA

കിലയിലെ പക്ഷികൾ

Kerala Institute of Local Administration (KILA)

Mulamkunnathukavu P.O., Thrissur – 680 581, Kerala
Phone: 0487-2207000 Fax: 0487-2201062
E-mail: info@kila.ac.in Website: www.kila.ac.in

Foreword

We are delighted to bring out this booklet on 'Birds of KILA' that speaks about the rich avifauna residing or visiting the 25 acre sprawling campus of KILA. A preliminary survey of bird diversity around the campus of KILA was carried out during 7-9 March 2018. The rocky hillock richly covered with grasses and scattered trees and bushes is home to 62 species of birds. The mix of natural habitat and man-made landscape supported such high diversity. In addition to bird species, eleven species of butterflies were recorded. Indirect evidence of the presence of Indian Porcupine and carnivore in the form of droppings were also found in the campus. Short and specific identifying character mentioned for each species of bird, sighted on the campus is supported by coloured photographs along with scientific, common English and vernacular names in Malayalam.

We extend our thanks and gratitude to the survey team from Periyar Tiger Conservation Foundation (PTCF) led by Mr.J.Patrick David, Ecologist with the support of Mr.Jayan Ponnapan and Mr.C.Sivakumar. Mr. Babu K.K of KILA, who compiled this book, has been the motivation and catalyst for such an endevour. Congratualations and thanks to Babu for this effort and achievement.

We hope that this handy informative booklet be a valuable guide to the participants of KILA training programmes, students, campus dwellers, visitors and local enthusiasts taking interest in birds watching.

KILA
08-10-2018

Dr.Joy Elamon
Director

സമർപ്പണം

ഇന്ദുചൂഡൻ മാഷിന്

യഥാർത്ഥ പേര് കെ.കെ. നീലകണ്ഠൻ. 1923-ൽ പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമത്തിൽ ജനിച്ചു. വിവിധ കോളേജുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്നു. 1992 ജൂൺ 14-ന് അന്തരിച്ചു. ചെറുപ്പം മുതലെ പക്ഷി നിരീക്ഷണത്തിൽ തല്പരനായിരുന്ന ഇദ്ദേഹം നിരവധി ശാസ്ത്ര ലേഖനങ്ങളും നിരീക്ഷണങ്ങളും മലയാളത്തിന് സമ്മാനിച്ചിട്ടുണ്ട്. പക്ഷി സ്നേഹികൾക്ക് ഒരിക്കലും മാഷിനേയും മാഷിന്റെ സംഭാവനകളെയും മറക്കാൻ കഴിയില്ല. കേരളത്തിൽ കാണപ്പെടുന്ന പക്ഷികളെ കുറിച്ച് ശാസ്ത്രീയ നിരീക്ഷണാടിസ്ഥാനത്തിൽ ആദ്യമായി പുസ്തകം രചിച്ചത് ഡോ. സാലിം അലി ആയിരുന്നെങ്കിലും മലയാള ഭാഷയിൽ ലളിതമായി പക്ഷികളെ പരിചയപ്പെടുത്തിയത് ഇന്ദുചൂഡൻ മാഷാണ്. ഇന്ദുചൂഡന്റെ 'കേരളത്തിലെ പക്ഷികൾ' (1958) എന്ന പുസ്തകം വളരെ പ്രസിദ്ധവും ഇന്നും പക്ഷി നിരീക്ഷകരുടെയും പ്രകൃതി സ്നേഹികളുടെയും ആധാര ഗ്രന്ഥവുമാണ്.

KILA Campus, Thrissur

Red Spurfowl *(Galloperdix spadicea)* മുള്ളൻ കോഴി

This species is ground dwelling. It has reddish brown plumage, red legs and red skin around eye and one or two spurs in the leg. It gives off a loud call which can be heard over long distance. It frequents rocky hillocks and scrub jungles. Nest is a shallow depression on the ground lined with grass and leaves. It is endemic to India.

നിലത്ത് കഴിയുന്ന ഇനം. ചെമ്പിച്ച തവിട്ടു തൂവലുകൾ. ചുവന്ന കാലുകൾ. കണ്ണിനു ചുറ്റും ചുവന്ന നഗ്ന ചർമ്മം. കാലിൽ ഈരണ്ട് കുതിമുള്ളുകളുണ്ട്. ഇവയുടെ ഉച്ചത്തിലുള്ള കൂവൽ വളരെ ദൂരത്തേക്ക് കേൾക്കാം. പാറക്കെട്ടുകളിലും കുറുങ്കാട്ടിലും പതിവായി കണ്ടു വരുന്നു. നിലത്ത് ആഴം കുറഞ്ഞ കുഴികളിൽ പുല്ലും ഇലകളും അരികുപറ്റിയാണ് കൂടൊരുക്കുന്നത്. ഇന്ത്യയിൽ പ്രത്യേകമായി കാണപ്പെടുന്നു.

Indian Peafowl *(Pavo cristatus)* മയിൽ

This is the national bird of India. The male has a long stream of resplendent green and blue feathers which is extensively used during the breeding season to attract the females. Female lacks the colourful tail and are easily distinguished by their white underbelly. They feed on seeds, grains and animal matter. They are distributed throughout India.

ഇന്ത്യയുടെ ദേശീയ പക്ഷി. പൂവന് നീണ്ടതും പച്ചയും നീലയും കലർന്ന തിളക്കമേറിയ തൂവലുകളാണ്. പ്രജനന കാലത്ത് ഇണയെ ആകർഷിക്കുന്നതിനായി പീലികൾ വിടർത്തി പ്രദർശിപ്പിക്കുന്നു. വർണ്ണാഭമായ വാലിന്റെ അഭാവവും വയറിനടിഭാഗത്തെ വെളുത്തനിറവും പിടയെ എളുപ്പത്തിൽ തിരിച്ചറിയാൻ സഹായിക്കുന്നു. ധാന്യങ്ങളും, വിത്തുകളും ചെറു ജീവികളുമാണ് ഭക്ഷണം. ഇന്ത്യയിൽ എല്ലായിടത്തും വിതരണം ചെയ്യപ്പെടുന്നു.

Woolly-necked Stork *(Ciconia episcopus)* കരുവാരക്കുരു

This species was recorded soaring over the KILA campus. It has a white woolly neck, glistening blackish purple wings and red legs. It is usually found in the margins of waterbodies and paddy fields. Food consists of fish, frogs, reptiles and aquatic insects. It nests colonially in trees. Nest is a wide platform of twigs with a central depression, built on a tall tree. It is widely distributed in India, Srilanka and South-East India.

കില കാമ്പസിൽ ഏറെ കണ്ടുവരുന്ന ഇനം. കമ്പിളി പോലെ വെളുത്ത കഴുത്ത്, തിളക്കമാർന്ന കറുപ്പ് കലർന്ന പർപ്പിൾ ചിറകുകൾ, ചുവന്ന കാലുകൾ. സാധാരണയായി ജലാശയങ്ങൾക്കരികിലും പാടശേഖരങ്ങളിലും കണ്ടുവരുന്നു. മത്സ്യം, തവള, പുഴുക്കൾ, ജലകീടങ്ങൾ എന്നിവയാണ് മുഖ്യ ഭക്ഷണം. മരങ്ങളിൽ കൂട്ടമായി വസിക്കുന്നു. ഉയരത്തിലുള്ള മരങ്ങളിൽ ചുള്ളിക്കമ്പുകൾ ഉപയോഗിച്ച് പരന്നതും മധ്യഭാഗം കുഴിഞ്ഞതുമായ കൂടൊരുക്കുന്നു. ഇന്ത്യ, ശ്രീലങ്ക, തെക്ക്-കിഴക്കനേഷ്യ എന്നിവിടങ്ങളിൽ വിതരണം ചെയ്യപ്പെടുന്നു.

Indian Pond Heron *(Ardeola grayii)* കുളകൊക്ക്

This is a bird found in waterbodies. In KILA campus they may be encountered in stagnant water pools after rains. They are white and brown birds with brown streaks in the breast. They feed on fishes and other aquatic organisms. The nest colonially in trees. They are widely distributed in India.

ജലാശയങ്ങളിൽ കാണപ്പെടുന്നു. കില കാമ്പസിൽ മഴക്ക് ശേഷമുള്ള നീർക്കുഴികളിൽ കണ്ടെത്തിയിട്ടുണ്ട്. തവിട്ടും വെള്ളയും കലർന്ന നിറം. മാറിൽ തവിട്ടു വരകളുണ്ട്. മീനുകളെയും മറ്റ് ജലജീവികളെയും ഭക്ഷിക്കുന്നു. സംഘമായി മരങ്ങളിൽ വസിക്കുന്നു. ഇന്ത്യയിൽ വ്യാപകമായി വിതരണം ചെയ്യപ്പെടുന്നു.

Shikra *(Accipiter badius)* പ്രാപ്പിടിയൻ

A hawk like bird found in urban, rural and forest areas. Wings are grey and the underparts are white with brick red bands. Tail is long with black bands. Males have red eyes. Females have yellow eyes. They feed on other small birds, squirrels, frogs and lizards. Nest is broad and made of dry twigs. Distributed throughout India.

കാഴ്ചയിൽ പരുന്തിനെപ്പോലെയിരിക്കും. നാട്ടിൻ പുറങ്ങളിലും വനപ്രദേശങ്ങളിലും കാണപ്പെടുന്നു. ചിറകിന് ചാരനിറവും ശരീരത്തിന്റെ അടിഭാഗത്തിന് വെളുത്ത നിറവുമാണ്. ഇതിൽ ഇഷ്ടിക ചുവപ്പ് നിറത്തിലുള്ള പട്ടകളുണ്ട്. നീണ്ട വാലിൽ കറുത്ത പൊട്ടുകളുണ്ട്. പൂവന്റെ കണ്ണിന് ചുവപ്പ് നിറവും പിടയുടെ കണ്ണിന് മഞ്ഞ നിറവുമാണ്. അണ്ണാൻ, തവള, പല്ലി ചെറുപക്ഷികൾ എന്നിവയാണ് ആഹാരം. വിസ്താരമേറിയ കൂട് ഉണങ്ങിയ ചുള്ളിക്കമ്പുകൾ കൊണ്ടൊരുക്കുന്നു. ഇന്ത്യയിൽ മുഴുവനായി വിതരണം ചെയ്യപ്പെടുന്നു.

Common Pigeon or Rock Pigeon *(Columba livia)* അമ്പലപ്രാവ്

It is a large stocky bird flying about in flocks. Lives among humans and nests in ceiling of buildings. It has the habit of bobbing its head, simultaneously making a goor-goor call. It hasnow become feral in most parts of its range. It is widely distributed in India, Europe and parts of Africa.

കൂട്ടമായി സഞ്ചരിക്കുന്ന ദൃഢഗാത്രനായ പക്ഷി. മനുഷ്യ സംസർഗ്ഗത്തിൽ വസിക്കുന്നു. കെട്ടിടങ്ങളുടെ മട്ടുപ്പാവിൽ കൂടൊരുക്കുന്നു. തലയാട്ടിക്കൊണ്ടിരിക്കുന്ന സ്വഭാവമുള്ള ഇവ ഗുർ-ഗുർ എന്ന ശബ്ദം പുറപ്പെടുവിക്കുന്നു. ഇന്ത്യ, യൂറോപ്പ്, ആഫ്രിക്കയുടെ ചില ഭാഗങ്ങളിലുമായി വിതരണം ചെയ്യപ്പെടുന്നു.

Spotted Dove *(Stigmatopelia chinensis)* അരിപ്രാവ്

A medium sized bird found mostly feeding on the ground. It has black and white spottings in the neck by which it can be identified. It is found in villages and forest edges. It feeds on grains which it picks from the ground. Nest is a platform of twigs placed in low bushes. Distributed throughout India and Srilanka.

നിലത്ത് നടന്ന് കൊത്തിപ്പെറുക്കി തിന്നുന്ന ഇടത്തരം വലുപ്പമുള്ള പക്ഷി. കഴുത്തിൽ കറുത്തതും വെളുത്തതുമായ പുള്ളികൾ ഉള്ളതിനാൽ തിരിച്ചറിയാൻ എളുപ്പമാണ്. ഗ്രാമങ്ങളിലും വനാതിർത്തികളിലും കാണപ്പെടുന്നു. നിലത്ത് വീണുകിടക്കുന്ന ധാന്യങ്ങളാണ് ഭക്ഷണം. ഉണങ്ങിയ ചുള്ളിക്കമ്പുകൾ പരത്തി വെച്ച് കൂടുണ്ടാക്കുന്നു. ഇന്ത്യയിലും ശ്രീലങ്കയിലും വിതരണം ചെയ്യപ്പെടുന്നു.

Rose-ringed Parakeet *(Psittacula krameri)* മോതിരത്തത്ത

One of the common birds in villages and forest edges. They are completely green with a pink ring around the neck (absent in females). They can be easily recognised by their calls. They feed on seeds and grains and nest in tree cavities, especially Palm and Coconut trees. They are widely distributed in India.

ഗ്രാമങ്ങളിലും വനാതിർത്തികളിലും കണ്ടുവരുന്ന സർവ്വ വ്യാപിയായ പക്ഷി. ദേഹം മുഴുവൻ പച്ചനിറം. പൂവന് കഴുത്തിനു ചുറ്റും പിങ്ക് നിറത്തിൽ മാല പോലെയുള്ള വരയുണ്ട്. പിടക്ക് ഇതില്ല. ഇവയുടെ ചിലച്ചിൽ കൊണ്ട് എളുപ്പത്തിൽ തിരിച്ചറിയാം. വിത്തുകളും ധാന്യങ്ങളും ഭക്ഷണമാക്കുന്ന ഇവ മരപ്പൊത്തുകളിൽ കൂടൊരുക്കുന്നു. ഇന്ത്യയിൽ വ്യാപകമായി വിതരണം ചെയ്യപ്പെടുന്നു.

Common Hawk Cuckoo *(Hierococcyx varius)* പേക്കുയിൽ

It is otherwise known as the brain fever bird, because of its similar sounding call. This bird is resident in the hills throughout the country, except the arid north west. It sports brown and white bands in the underparts and a light rufous breast. Tail is also banded. It is very vocal during the onset of the rains. It feeds on insects and other small prey.

ചിലയ്ക്കുമ്പോൾ ബ്രെയിൻ ഫീവർ എന്നു പറയുന്നതു പോലെ തോന്നുന്നതിനാൽ 'ബ്രെയിൻ ഫീവർ ബേർഡ്' എന്നും അറിയപ്പെടുന്നു. കുന്നുകളിൽ വസിക്കുന്ന ഇവയെ മഴ കുറഞ്ഞ വടക്കു പടിഞ്ഞാറ് മേഖലയിലൊഴികെ ഇന്ത്യയിലെല്ലായിടത്തും കാണപ്പെടുന്നു. ദേഹത്തിന് നരച്ച തവിട്ടു നിറമാണ്. അടിവശത്തും വെളുത്ത വാലിലും കുറുകെ വെളുത്ത വരകളുണ്ട്. മഴക്ക് മുന്നോടിയായി ഇവ നിരന്തരം കൂവുന്നു. പ്രാണികളെയും പുഴുക്കളെയും ഭക്ഷിക്കുന്നു.

Asian Koel *(Eudynamys scolopaceus)* **കരിങ്കുയിൽ**

A common bird in villages, towns and cities of the Cuckoo family. Frequents to gardensand groves feeding on fruits. Male is dark black with red eyes and green bill. Female is brown with white streaks. It lays its egg in the nest of Crows and Babblers. Distributed in most parts of India, Southern China and nearby countries.

ഗ്രാമങ്ങളിലും പട്ടണങ്ങളിലും കണ്ടുവരുന്ന കുയിലിന്റെ കുടുംബത്തിൽപ്പെട്ട സാധാരണ പക്ഷി. തോട്ടങ്ങളിലും ചെറു വനങ്ങളിലും പഴങ്ങൾ ഭക്ഷിക്കുന്നതിനായെത്തുന്ന പതിവ് സന്ദർശകൻ. പൂവന് ഇരുണ്ട കറുപ്പു നിറം, ചുവന്ന കണ്ണുകൾ, മങ്ങിയ പച്ച കൊക്ക്. പിടക്ക് തവിട്ടു നിറത്തിൽ വെള്ള വരകളും പൊട്ടുകളുമുണ്ട്. കാക്കക്കൂട്ടിൽ മുട്ടയിടുന്നു. ഇന്ത്യയിൽ എല്ലായിടത്തും, തെക്കൻ ചൈനയിലും സമീപ രാജ്യങ്ങളിലും വിതരണം ചെയ്യപ്പെടുന്നു.

Greater Coucal *(Centropus sinensis)* ചെമ്പോത്ത്

A large black bird with chestnut wings and red eyes of the Cuckoo family. Prefers to move among the bushes and on the ground. It is a poor flier. Found in deciduous forest, scrub jungle and gardens. Food consists of caterpillar, large insects and lizards. Nest is built in a tree or bush. A widely distributed species in India, Srilanka and upto Indonesia in the East.

കറുത്ത തലയും ചുവന്ന കണ്ണുകളും ചെമ്പിച്ച ചിറകുകളുമുള്ള കുയിലിന്റെ കുടുംബത്തിൽപ്പെട്ട പക്ഷി. നിലത്തും കുറ്റിക്കാടുകളിലും നടന്ന് പുഴുക്കളെയും പാറ്റകളെയും പല്ലികളെയും ഭക്ഷിക്കുന്നു. പറക്കുന്നതിൽ ദുർബ്ബലനാണ്. ഇല പൊഴിയും കാടുകളിലും കുറ്റിക്കാടുകളിലും കണ്ടുവരുന്നു. മരത്തിലോ കുറ്റിക്കാട്ടിലോ കൂട് നിർമ്മിക്കുന്നു. ഇന്ത്യ, ശ്രീലങ്ക മുതൽ കിഴക്ക് ഇന്തോനേഷ്യ വരെ വിതരണം ചെയ്യപ്പെടുന്നു.

Jungle Owlet *(Glaucidium radiatum)* ചെമ്പൻനത്ത്

A small Owl active by night and partially during day. It has horizontal stripes all over its body, with a rufous wing margin and yellow eyes. It can also be readily identified by its distinct call. It builds its nest in tree hollows. Found singly or in pairs. This species is endemic to Indian Subcontinent.

രാത്രി സമയം ഊർജ്ജസ്വലനും പകൽ ഉദാസീനനുമായ ചെറുകൂമൻ. ദേഹമാകെ ചെമ്പിച്ച തവിട്ട് നിറവും കുറുകെ നേർത്ത വരകളുമുണ്ട്. കണ്ണിന് മഞ്ഞനിറമാണ്. ചിറകുകൾ പ്രത്യക്ഷത്തിൽ പൂട്ടിയിരിക്കും. ഇതിന്റെ പ്രത്യേകമായ ശബ്ദം കൊണ്ട് എളുപ്പത്തിൽ തിരിച്ചറിയാവുന്നതാണ്. മരപ്പൊത്തിൽ കൂട് നിർമ്മിക്കുന്നു. ഒറ്റക്കോ, ജോഡിയായോ കാണപ്പെടുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ പ്രത്യേകമായി ഈ ഗണത്തെ കണ്ടുവരുന്നു.

Jerdon's Nightjar *(Caprimulgus atripennis)* രാച്ചൗങ്ങൻ

A nocturnal species easily identified by its distinct call. Calls are heard in twilight when they come out for feeding. It is a plain brown bird, difficult to identify in the field as they are similar to other Nightjar's. Nest is a shallow depression in the ground and the eggs are well camouflaged. Endemic to Peninsular India.

നിശാ സഞ്ചാരിയായ പക്ഷി. തവിട്ടു നിറം. വ്യത്യസ്തമായ ശബ്ദം. സന്ധ്യാ സമയം ഇരതേടിയിറങ്ങുമ്പോൾ ഇവയുടെ വിളി കേൾക്കപ്പെടുന്നു. മറ്റ് രാച്ചൂക്കുകളുമായി സാദൃശ്യമുള്ളതിനാൽ ഏളുപ്പത്തിൽ തിരിച്ചറിയുവാൻ കഴിയില്ല. മുട്ടയിടുന്നതും അടയിരിക്കുന്നതും നിലത്ത് ആഴം കുറഞ്ഞ കുഴികളിലാണ്. മുട്ടകൾ നന്നായി മറച്ച് വെച്ചിരിക്കും. ഇന്ത്യൻ ഉപദ്വീപിൽ പ്രത്യേകമായി കാണപ്പെടുന്ന സ്ഥിരവാസിയാണ്.

Asian Palm Swift *(Cypsiurus balasiensis)* പനങ്കൂളൻ

As the name implies, this species is found in the neighbourhood of villages were there are palm trees. A slim brownish grey bird with forked tail, often found in the air foraging for insects. Nest is built on palm trees. Widely distributed in India and South-east Asia.

പേര് സൂചിപ്പിക്കുന്നതു പോലെ ഈയിനത്തെ കരിമ്പനകൾ നിറഞ്ഞ ഗ്രാമപ്രദേശങ്ങളിൽ കാണപ്പെടുന്നു. തവിട്ട് കലർന്ന ചാരനിറത്തിലുള്ള മെലിഞ്ഞ പക്ഷി. വാലിന്റെ അറ്റം രണ്ടായി പിളർന്നിരിക്കുന്നു. പ്രാണികളെ പിടിയ്ക്കുന്നതിനായി കൂടെ കൂടെ പറന്ന് നടക്കുന്ന പ്രകൃതം. പനയിലും തെങ്ങിലും കൂട് നിർമ്മിക്കുന്നു. ഇന്ത്യയിലും തെക്ക്-കിഴക്കനേഷ്യയിലും വ്യാപകമായി വിതരണം ചെയ്യപ്പെടുന്നു.

Little Swift *(Apus affinis)* അമ്പലംചുറ്റി

A tiny little swift distributed throughout India. It is a plain brown bird with whitish throat and rump and square ended tail. It feeds on insects in the air. Nest is built in colonies on the underside of ceilings and walls of buildings and cliffs. Nest is a cup of feathers and straw, cemented with the birds saliva.

ഇന്ത്യയിലൊട്ടാകെ കാണപ്പെടുന്ന ചെറിയ ഇനം കുരുവി. ദേഹം മുഴുവൻ തവിട്ടു നിറം. തൊണ്ടയ്ക്കും അടിവയറിനും വെളുത്ത നിറമാണ്. വാലറ്റം ചതുരാകൃതിയിലാണ്. കൂട്ടമായി കെട്ടിടങ്ങളുടെ മേൽക്കൂരക്ക് താഴെയും കിഴുക്കാം തൂക്കായ പാറകളിലും കൂടൊരുക്കുന്നു. തൂവലുകൾ, വൈക്കോൽ എന്നിവ ഉമിനീരുപയോഗിച്ച് ഒട്ടിച്ച് കപ്പിന്റെ ആകൃതിയിലാണ് കൂട്.

White-throated Kingfisher *(Halcyon smyrnensis)* നീലപൊൻമാൻ

One of the common Kingfisher inhabiting all types of waterbodies. It has a whitish throat, breast and blue wings. It builds its nest in burrows in mud banks of streams and rivers. It primarily feeds on fish, but takes reptiles and small birds too. Widely distributed in India.

എല്ലാത്തരം ജലാശയങ്ങളിലും കാണപ്പെടുന്ന ഒരു സാധാരണ പക്ഷിയാണ് നീലപൊൻമാൻ. തൊണ്ടയ്ക്കും നെഞ്ചു ഭാഗത്തിനും വെള്ള നിറമാണ്. ചിറകുകൾ നീല. നദികളുടെയും അരുവികളുടെയും കരയിലുള്ള മാളങ്ങളിൽ കൂടൊരുക്കുന്നു. മുഖ്യ ഭക്ഷണം മത്സ്യങ്ങളാണ്. എന്നാൽ ഇഴജന്തുക്കളെയും ചെറിയ പക്ഷികളെയും ഇരയാക്കാറുണ്ട്. ഇന്ത്യയിൽ വ്യാപകമായി വിതരണം ചെയ്യപ്പെടുന്നു.

Green Bee-eater *(Merops orientalis)* നാട്ടുവേലിത്തത്ത

As the name indicates it primarily feeds on bees, but takes other flying insects. It is a small green coloured bird, with pointed tails and light brown head. It has the habit of catching an insect in flight and coming back to the same perch. It prefers open areas in scrub jungles. Builds nest in mud burrows. Distributed in most parts of India, Pakistan, South-east Asia and Southern Iran.

മുഖ്യമായി തേനീച്ചകളെ ഇരയാക്കുന്ന ഇവ മറ്റു പറന്നു നടക്കുന്ന കീടങ്ങളെയും ഭക്ഷണമാക്കുന്നു. ദേഹമാകെ പച്ച നിറമാണ്. തലക്ക് തവിട്ടു നിറം. നീണ്ടു കൂർത്ത അഗ്രമുള്ള കമ്പി വാല്. പറന്ന് ഇര പിടിച്ച് പൂർവ്വ സ്ഥാനത്തേക്കു തന്നെ വന്നിരിക്കുന്ന സ്വഭാവമാണ്. കുറ്റിക്കാടുകളിലെ തുറസ്സായ ഇടങ്ങളിൽ വസിക്കുവാൻ താല്പര്യപ്പെടുന്നു. മൺതിട്ടകളിൽ നീണ്ട കുഴൽ പോലെയുള്ള മാളങ്ങളിൽ കൂടൊരുക്കുന്നു. ഇന്ത്യയിൽ മിക്കയിടങ്ങളിലും, പാകിസ്ഥാൻ, തെക്ക്-കിഴക്കനേഷ്യ, തെക്കൻ ഇറാൻ എന്നിവിടങ്ങളിലും വിതരണം ചെയ്യപ്പെടുന്നു.

Chestnut-headed Bee-eater *(Merops leschenaulti)* ചെന്തലയൻ വേലിത്തത്ത

Small sized bird similar to a Green Bee-eater, but with no tail pins. It has a bright chestnut head and blue rump. Habits are similar to Green Bee-eater. It prefers habitats close to waterbodies where it hunts for insect prey. Nest is a tunnel built on sandy banks of streams. Distributed in Peninsular India, foothills of the Himalayas, North-east India and South-east Asia

നാട്ടുവേലിത്തത്തയോട് സാമ്യമുള്ള എന്നാൽ കമ്പി തൂവലുകൾ ഇല്ലാത്തതുമായ ചെറിയ പക്ഷി. തലയ്ക്ക് തവിട്ടു കലർന്ന ചുവപ്പു നിറമാണ്. പൃഷ്ഠ ഭാഗത്തിന് നീലനിറം. നാട്ടുവേലിത്തത്തയുടെ അതേ സ്വഭാവമാണ്. ഇര പിടിക്കുന്നതിനായി ഇവ ജലാശയങ്ങൾക്കരികിൽ വസിക്കാനിഷ്ടപ്പെടുന്നു. മൺത്തിട്ടകളിൽ നീണ്ട കുഴലുകൾ പോലെ മാളങ്ങളുണ്ടാക്കി വസിക്കുന്നു. ഇന്ത്യൻ ഉപദ്വീപിലും, ഹിമാലയ താഴ്‌വരകൾ, ഇന്ത്യയുടെ വടക്ക്-കിഴക്ക് പ്രദേശങ്ങൾ, തെക്ക്-കിഴക്കനേഷ്യ എന്നിവിടങ്ങളിലും വിതരണം ചെയ്യപ്പെടുന്നു.

White-cheeked Barbet *(Megalaima viridis)* ചിന്നകുട്ടുറുവൻ

A medium sized green bird most often heard than seen. Its Utroo Utroo call is conspicuous. It is a forest dwelling fruit-eating bird, preferring figfruits. It nests in tree cavities. A species endemic to peninsular India.

പച്ച നിറത്തിലുള്ള ഇടത്തരം വലുപ്പമുള്ള പക്ഷി. കാണുന്നതിനേക്കാൾ ശബ്ദം കൊണ്ടാണ് ഇവയുടെ സാന്നിദ്ധ്യം അറിയുവാൻ കഴിയുന്നത്. ഇതിന്റെ ഉട്ട്റൂ..... ഉട്ട്റൂ..... എന്ന വിളി വളരെ വ്യക്തമാണ്. കാട്ടിൽ വസിക്കുന്ന പഴംതീനി പക്ഷിയായ ഇവ ഫിഗ് പഴങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്നു. മരപൊത്തുകളിൽ കൂടൊരുക്കുന്നു. ഇന്ത്യൻ ഉപദ്വീപിൽ പ്രത്യേകമായി കാണപ്പെടുന്നു.

Rufous Woodpecker *(Micropternus brachyurus)* ചെമ്പൻമരംകൊത്തി

A complete rufous woodpecker with black bill, about the size of a myna. It has black barrings on wings and tail. It is found in the hills in moist deciduous and evergreen forest. Its food chiefly consists of ants, their eggs and pupae, obtained by probing the nest of the ants. It also feeds on fruit and nectar. Nest is built in the ball-shaped nest of the ants. Distributed in the Western and Eastern Ghats and Eastern Himalayas.

ഏകദേശം മൈനയുടെ വലുപ്പമുള്ള കറുത്ത കൊക്കും ചെമ്പിച്ച തവിട്ടുനിറമുള്ളതുമായ മരംകൊത്തി. ചിറകിലും വാലിലും കറുത്ത വരകളുണ്ട്. ആർദ്ര വനങ്ങളിലും മഴക്കാടുകളിലും കണ്ടുവരുന്നു. മുഖ്യഭക്ഷണം ഉറുമ്പുകളും അവയുടെ മുട്ടയും പ്യൂപ്പയുമാണ്. പന്തുപോലെയുള്ള ഉറുമ്പിൻ പുറ്റുകളിലാണ് കൂടൊരുക്കുന്നത്. പശ്ചിമ-പൂർവ്വ ഘട്ടത്തിലും കിഴക്കൻ ഹിമാലയത്തിലും വിതരണം ചെയ്യപ്പെട്ടിരിക്കുന്നു.

Brown-capped Pygmy Woodpecker *(Dendrocopos nanus)* തണ്ടാൻമരംകൊത്തി

As the name implies, this bird is small and is usually found in the forest canopy. It has a brown cap and white supercilium that runs down the side of the neck. Usually found in the hills in moist forest. It feeds chiefly on insects and grubs, but also readily takes fruits and nectar. It is widely distributed in India.

പേര് സൂചിപ്പിക്കുന്നത് പോലെ സാധാരണയായി വലിയ മരങ്ങളുടെ മേലാപ്പിൽ കാണപ്പെടുന്ന ചെറിയ പക്ഷി. തലയിൽ തവിട്ട് നിറത്തിലുള്ള തൊപ്പി. വെളുത്ത നിറത്തിലുള്ള കൺപുരികം താഴോട്ട് കഴുത്തിന്റെ ഇരുവശത്തേക്കും നീണ്ടിരിക്കുന്നു. ആർദ്ര വനങ്ങളിലെ കുന്നുകളിൽ സാധാരണയായി കാണപ്പെടുന്നു. മുഖ്യ ആഹാരമായ പ്രണികളെയും പുഴുക്കളെയും കൂടാതെ പഴങ്ങളും പൂന്തേനും ഭക്ഷിക്കുന്നു. ഇന്ത്യയിൽ വ്യാപകമായി വിതരണം ചെയ്യപ്പെടുന്നു.



Lesser Goldenback Woodpecker *(Dinopium benghalense)* നാട്ടുമരംകൊത്തി

The commonest of the Woodpeckers found in rural, urban and forested areas. Readily identified by its raucous call as its flies from one tree to another. It is distinguished from other Goldenback Woodpeckers by a black throat. It is endemic to the Indian Subcontinent.

ഗ്രാമ-നഗര പ്രദേശങ്ങളിലും കാടു നിറഞ്ഞ ഇടങ്ങളിലും കാണപ്പെടുന്ന സാധാരണ മരംകൊത്തി. ഒരു മരത്തിൽ നിന്നും മറ്റൊന്നിലേക്ക് പറക്കുമ്പോൾ ഉണ്ടാക്കുന്ന പരുഷ ശബ്ദം കൊണ്ട് ഇവയെ എളുപ്പത്തിൽ തിരിച്ചറിയാം. തൊണ്ടയിലെ കറുപ്പ് നിറത്താൽ ഇവയെ മറ്റു മരം കൊത്തികളിൽ നിന്നും തിരിച്ചറിയൽ സാധ്യമാകുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ പ്രത്യേകമായി കാണപ്പെടുന്നു.

Indian Pitta *(Pitta brachyura)* കാവിക്കിളി

A winter migrant to southern India from the Himalayas and Central India. It has a red pelvic region, brown underparts, blue wing coverts, black eyestripe and white throat. Due to the assortment of colours it is called 'navrang' in hindi meaning 'nine colours' It is found mostly in the ground hopping about and turning leaves in search of Insects. It has a distinctive two note whistling call 'swee swee' which may be heard at dawn and dusk.

ഹിമാലയത്തിൽ നിന്നും മധ്യേന്ത്യയിൽ നിന്നും ദക്ഷിണേന്ത്യയിലേക്ക് മഞ്ഞുകാലത്ത് വിരുന്നെത്തുന്ന ദേശാടകൻ. വസ്തി ഭാഗം ചുവപ്പ്, അടിഭാഗം തവിട്ട്, പൂട്ടിയ നീല ചിറക്, കറുത്ത കൺപ്പട്ട, വെളുത്ത തൊണ്ട. പല നിറങ്ങൾ ഉള്ളതിനാൽ നവരംഗ് (ഒൻപത് നിറങ്ങൾ) എന്നും ഇവയെ വിളിയ്ക്കുന്നു. പൊതുവെ നിലത്ത് ചാടി നടന്ന് ഇലകൾ കൊത്തി മറിച്ച് കീടങ്ങളെ തിരയുന്നു. ഇവ വ്യത്യസ്തമായി രണ്ട് പ്രാവശ്യം സ്വീ..സ്വീ എന്ന് വിളിക്കുന്നു. ഇവയുടെ ചിലയ്ക്കൽ രാവിലെയും അസ്തമയ സമയത്തും കേൾക്കാവുന്നതാണ്.

Ashy Wood Swallow *(Artamus fuscus)* ഇണകാത്തേവൻ

A noisy greyish white bird often seen flying in the skyor perched on electric towers and tall buildings. The entire bird has a sponge like appearance. Their food chiefly consists of dragonflies, butterflies and other insects. Usually seen perched in Palmyra and Coconut trees. Nest is most often built in a Palm tree with grasses, roots and fibers. It is widely distributed in peninsular India and Eastern Himalayas.

ചാര നിറം കലർന്ന വെളുത്ത പരുക്കൻ ശബ്ദമുള്ള പക്ഷി. കൂടെ കൂടെ പറന്നു നടക്കുന്നതും വൈദ്യുതി കാലുകളിലും ഉയരത്തിലുള്ള കെട്ടിടങ്ങളിലും കുത്തിയിരിക്കുന്നതുമായ പ്രകൃതം. കാഴ്ചയിൽ മൊത്തം സ്പോഞ്ച് പോലെയാണ്. മുഖ്യഭക്ഷണം ഓണപാറ്റകളും തുമ്പികളും ചിത്രശലഭങ്ങളും മറ്റ് പ്രാണികളുമാണ്. സാധാരണയായി തെങ്ങിലും പനയിലും കാണപ്പെടുന്നു. പുല്ല്, നാര്, വേരുകൾ എന്നിവ കൊണ്ട് നിർമ്മിക്കുന്ന കൂടുകൾ സാധാരണയായി പനകളിൽ കാണാവുന്നതാണ്. ഇന്ത്യൻ ഉപദ്വീപിലും കിഴക്കൻ ഹിമാലയത്തിലും വ്യാപകമായി വിതരണം ചെയ്യപ്പെടുന്നു.

Black-headed Cuckooshrike *(Coracina melanoptera)* കരിന്തൊപ്പി

A medium sized ashy black bird and white wing bars. In male, the head is completely black, while the female has greying head, white supercilium and horizontal stripes in the underparts. It prefers forest edges and well wooded areas. It feeds primarily on insects. It builds cup shaped nest on tree branches. Distributed throughout India, Srilanka, Nepal, Myanmar and South-east Asia.

ഇടത്തരം വലുപ്പത്തിലുള്ള ചാരനിറം കലർന്ന കറുത്ത പക്ഷി. ചിറകിൽ വെളുത്ത പട്ടകളുണ്ട്. പൂവന്റെ തലക്ക് കറുത്ത നിറമാണ്. പിടയുടെ തലയ്ക്ക് നരച്ച ചാര നിറവും വെളുത്ത ശിഖയുമുണ്ട്. ശരീരത്തിന്റെ അടിവശത്ത് കുറുകെ വെളുത്ത വരകളുണ്ട്. വനാതിർത്തികളും മരങ്ങൾ നിറഞ്ഞ പ്രദേശങ്ങളുമാണ് ആവാസ മേഖല. മുഖ്യഭക്ഷണം പ്രാണികളാണ്. മരക്കൊമ്പുകളിൽ കോപ്പയുടെ ആകൃതിയിൽ കൂട് വെയ്ക്കുന്നു. ഇന്ത്യ, ശ്രീലങ്ക, നേപ്പാൾ, മ്യാൻമാർ, തെക്ക്-കിഴക്കനേഷ്യ എന്നിവിടങ്ങളിൽ വിതരണം ചെയ്യപ്പെടുന്നു.

Large Cuckooshrike *(Coracina macei)* ചാരപ്പൂണ്ടൻ

A medium sized greyish black bird with faint bars in the underparts. It is found in the hills in moist forest. Widely distributed in India, except the arid north-west. They usually call when in flight and the call is distinct. It chiefly feeds on insects, but also takes fig fruits. Nest is made of twigs, leaf stalks and placed in horizontal branches of tall trees.

നരച്ച ചാരനിറത്തിലുള്ള ഇടത്തരം വലുപ്പമുള്ള പക്ഷി. ശരീരത്തിന്റെ അടിവശത്ത് മങ്ങിയ കറുത്ത വരകളുണ്ട്. ആർദ്ര വനങ്ങളിലെ കുന്നുകളിൽ കാണപ്പെടുന്നു. വടക്ക്-പടിഞ്ഞാറ് മേഖലകളിലൊഴികെ ഇന്ത്യയിൽ വ്യാപകമായി വിതരണം ചെയ്യപ്പെടുന്നു. പറക്കുമ്പോൾ പതിവായി വ്യത്യസ്തതയാർന്ന ശബ്ദത്തിൽ ചിലയ്ക്കുന്നു. പ്രാണികളാണ് മുഖ്യഭക്ഷണമെങ്കിലും പഴങ്ങളും ഭക്ഷിക്കുന്നു. ഉയരം കൂടിയ വൃക്ഷങ്ങളുടെ നെറുകയിൽ തിരശ്ചീനശാഖകളിൽ ചുള്ളി കമ്പുകളും ഇലഞെട്ടുകളും കൊണ്ട് കൂടൊരുക്കുന്നു.

Common Iora *(Aegithina tiphia)* അയോറ

A small olive green bird with white wing bars. It prefers forests and well wooded areas. It picks up insects and caterpillar hidden among the leaves. It has a very distinct melodious whistle by which it can be readily identified. It builds a small cup shaped nest lined with grass and fibres. Widespread throughout India and South-east Asia.

ഒലിവ് പച്ച നിറവും ചിറകിൽ വെളുത്ത പട്ടയുമുള്ള ചെറിയ പക്ഷി. കാടുകളിലും ഇടതൂർന്ന മരക്കൂട്ടങ്ങളിലും കാണപ്പെടുന്നു. ഇലകളിൽ മറഞ്ഞിരിക്കുന്ന പ്രാണികളെയും ലാർവകളെയും ഭക്ഷിക്കുന്നു. സ്വരമാധുര്യമുള്ള ചൂളമടി കൊണ്ട് ഇവയെ പ്രത്യേകമായി തിരിച്ചറിയാം. കോപ്പ ആകൃതിയിൽ പുല്ലും നാരുകളും ഉപയോഗിച്ച് കൂട് നിർമ്മിക്കുന്നു. ഇന്ത്യയിലും തെക്ക്-കിഴക്കനേഷ്യയിലും വ്യാപകമായി വിതരണം ചെയ്യപ്പെടുന്നു.

Brown Shrike *(Lanius cristatus)* തവിടൻ ഷ്രൈക്ക്

A largely brown bird with black eye stripe. It is a winter migrant to India form North Asia. Occupies forest fringes, hill slopes with shrubs in plains and hills. Its call is distinct by which it can be readily identified. Call is given out usually in twilight and when alarmed.

തടിച്ചുരുണ്ട് തവിട്ടു നിറത്തിലുള്ള പക്ഷി. കറുത്ത കൺപട്ട. ഉത്തരേഷ്യയിൽ നിന്നും മഞ്ഞുകാലത്ത് ഇന്ത്യയിലെത്തുന്ന ദേശാടകൻ. കുറ്റിക്കാടുകൾ നിറഞ്ഞ കുന്നിൻ ചെരുവിലും വനാതിർത്തികളിലും വസിക്കുന്നു. ഇവയുടെ പരുക്കൻ ശബ്ദം കൊണ്ട് എളുപ്പത്തിൽ തിരിച്ചറിയാവുന്നതാണ്. സാധാരണയായി സന്ധ്യാനേരങ്ങളിലും ഭയപ്പെടുമ്പോഴുമാണ് ഇത്തരം ശബ്ദം പുറപ്പെടുവിക്കുക.

Black Drongo *(Dicrurus macrocercus)* ആനറാഞ്ചി

A noisy bird in our neighbourhood. Found in villages and towns. Complete black plumage with long forked tail. It follows cattle and fires, which flush out the hidden insects that it catches in flight. Nests are placed in shallow depression in tree branches with twigs. Distributed throughout India, south - east Asia and upto northern China.

നമ്മുടെ പരിസരങ്ങളിൽ കാണപ്പെടുന്ന പരുക്കൻ ശബ്ദമുള്ള പക്ഷി. ഗ്രാമങ്ങളിലും പട്ടണ പ്രദേശങ്ങളിലും വസിക്കുന്നു. ശരീരം മുഴുവൻ കറുത്ത നിറം. നീണ്ട് രണ്ടായി പിളർന്ന വാൽ. കന്നുകാലികളെ പിന്തുടർന്ന് അവയിൽ ഒളിഞ്ഞിരിക്കുന്ന കീടങ്ങളെയും പ്രാണികളെയും പറന്ന് പിടിക്കുന്നു. മരച്ചില്ലയിൽ ചുള്ളിക്കമ്പുകൾ കൊണ്ടുള്ള പരന്ന കൂടൊരുക്കുന്നു. ഇന്ത്യയിൽ വ്യാപകമായും തെക്ക്-കിഴക്കനേഷ്യ മുതൽ വടക്കൻ ചൈന വരെയും വിതരണം ചെയ്യപ്പെടുന്നു.

Ashy Drongo *(Dicrurus leucophaeus)* കാക്കതമ്പുരാൻ

A bird similar in appearance to the Black Drongo, but with greyish plumage and red eyes. It is a winter visitor from the Himalayas. Found in forest edges and well wooded areas. It is primarily an insectivorous bird, also feeds on flower nectar. Distributed throughout India, South-east Asia and upto Northern China.

കാഴ്ച്ചയിൽ ആനറാഞ്ചിയെ പോലെയിരിക്കും. എന്നാൽ കണ്ണുകൾ ചുവന്നതും തൂവലുകൾ ചാരനിറത്തിലുമാണ്. ഹിമാലയത്തിൽ നിന്നും മഞ്ഞുകാലത്ത് നമ്മുടെ നാട്ടിൽ വിരുന്നെത്തുന്ന ദേശാടകനാണ്. നിത്യഹരിത വനങ്ങളിലും വനാതിരുകളിലും കാണപ്പെടുന്നു. കീടങ്ങളാണ് മുഖ്യ ഭക്ഷണ മെങ്കിലും പൂന്തേനും ഭക്ഷിക്കുന്നു. ഇന്ത്യയിൽ മുഴുവനായും തെക്ക്-കിഴക്കനേഷ്യ, വടക്കൻ ചൈന എന്നിവിടങ്ങളിലും വിതരണം ചെയ്യപ്പെടുന്നു.

Greater Racket-tailed Drongo *(Dicrurus paradiseus)* കാടുമുഴക്കി

A slender black bird with two long tail streamers and a prominent tuft of feathers in the head. Easily identified by its distinct but varied calls. Prefers forest and well wooded areas. It usually hunts in the company of White-bellied Treepie and Jungle Babbler. Nest is built in the fork of an outstretched branch and lined with twigs, roots and fibres. Distributed throughout India, Srilanka and east upto Indonesia.

തലയിൽ വ്യക്തമായ ശിഖയും രണ്ട് നീണ്ട കമ്പിത്തൂവലുകളുമുള്ള കറുത്തു മെലിഞ്ഞ പക്ഷി. വ്യക്തവും വൈവിധ്യവുമാർന്ന കൂവൽകൊണ്ട് എളുപ്പത്തിൽ തിരിച്ചറിയാം. കാടുകളിലും മരങ്ങൾ നിറഞ്ഞ പറമ്പുകളിലും കാണപ്പെടുന്നു. പതിവായി കാട്ടുഞ്ഞാലി, കരിയിലക്കിളി എന്നിവയോടൊപ്പം ഇര തേടുന്നു. മര ശിഖര കവരങ്ങളിൽ കമ്പുകൾ, വേരുകൾ, നാരുകൾ എന്നിവകൊണ്ട് കൂടൊരുക്കുന്നു. ഇന്ത്യ, ശ്രീലങ്ക, ഇന്തോനേഷ്യ എന്നിവിടങ്ങളിൽ വിതരണം ചെയ്യപ്പെട്ടിരിക്കുന്നു.

Bronzed Drongo *(Dicrurus aeneus)* ലളിതക്കാക്ക

A black coloured drongo with glistening feathers and short forked tail. Unlike the Black Drongo, this species is found only in the moist deciduous and evergreen forest. It is an insectivorous bird and is found as part of mixed species flocks. Nest is shallow, cup shaped and is made of fibres and cobwebs. It is distributed in the hills of western, eastern and north India and into South-East Asia.

തിളങ്ങുന്ന കറുത്ത തൂവലുകളും നീളം കുറഞ്ഞ വിടവോടു കൂടിയ വാലുമുള്ള കാക്കവംശത്തിലുള്ള പക്ഷി. ആനറാഞ്ചിയെ അപേക്ഷിച്ച് നിത്യഹരിത വനങ്ങളിലും ആർദ്ര ഇലപൊഴിയും കാടുകളിലും ഇവയെ കണ്ടുവരുന്നു. കീട ഭക്ഷ്യകരായ ഇവ മറ്റ് ഗണത്തിൽപ്പെട്ട പക്ഷികളുടെ കൂട്ടത്തിൽ കാണപ്പെടുന്നു. കോപ്പയുടെ ആകൃതിയിൽ നാരുകൾ കൊണ്ട് നിർമ്മിക്കുന്ന കൂട് ആഴം കുറഞ്ഞതും ചിലന്തി വലകൾ കൊണ്ട് പൊതിഞ്ഞിരിക്കുന്നതുമാണ്.

Indian Golden Oriole *(Oriolus kundoo)* മഞ്ഞക്കിളി

A bright yellow medium sized winter migrant from North India. It has pink bill and black eye patch. Females have vertical streaks in the underparts. It feeds on flower nectar and berries. Usually found in well wooded areas. Distributed from Central Asia upto South India.

മഞ്ഞുകാലത്ത് വടക്കേ ഇന്ത്യയിൽ നിന്നും വിരുന്നെത്തുന്ന സ്വർണ്ണ വർണ്ണമുള്ള ഇടത്തരം വലുപ്പമുള്ള പക്ഷി. പിങ്ക് കൊക്ക്, കറുത്ത കൺപട്ട. പിടയ്ക്ക് മാറിൽ കുത്തനെയുള്ള കറുത്ത വരകളുണ്ട്. പൂന്തേനും ബെറി പഴങ്ങളും ഭക്ഷിക്കുന്നു. സാധാരണയായി മരങ്ങൾ നിറഞ്ഞ പ്രദേശങ്ങളിൽ കാണപ്പെടുന്നു. മധ്യേഷ്യ മുതൽ ദക്ഷിണേന്ത്യ വരെ വിതരണം ചെയ്യപ്പെടുന്നു.

Black-hooded Oriole *(Oriolus xanthornus)* മഞ്ഞക്കറുപ്പൻ

Similar to the Indian Golden Oriole but with a complete black head and pale pink bill. It has a mellow flute like call and is completely arboreal. Food consists of fruits and insects. It builds a cup nest made of fibres and cobwebs and suspended from an outhanging branch. It is widely distributed in India.

മഞ്ഞക്കിളിയോട് സാദൃശ്യമുള്ള ഇവയുടെ തലയ്ക്ക് കറുപ്പ് നിറമാണ്. കൊക്കിനു മങ്ങിയ പിങ്ക് നിറം. ഉയരമുള്ള മരങ്ങളിൽ കഴിയുന്ന ഇവയ്ക്ക് മൃദുവായ പുല്ലാങ്കുഴൽ ശബ്ദമാണ്. പാറ്റകളും പഴങ്ങളുമാണ് ആഹാരം. കഷിന്റെ ആകൃതിയിൽ നാരുകളും ചിലന്തി വലയും മറ്റും ഉപയോഗിച്ച് ഉണ്ടാക്കുന്ന കൂട് മരക്കൊമ്പുകളിൽ തൂക്കിയിടുന്നു. ഇന്ത്യയിൽ വ്യാപകമായി കാണപ്പെടുന്നു.

Asian Paradise Flycatcher *(Terpsiphone paradisi)* നാകമോഹൻ

A beautiful bird with a long swinging tail. Adult males are completely white with black head. Adult females lack the long tail and is rufous in colour with black head. Young males are similar to females but with a long rufous tail. They are winter migrants to south India from the foothills of the Himalayas. Distributed throughout India, Srilanka, Myanmar and north upto Central Asia.

അസാധാരണമായ നീണ്ട വാലോടു കൂടിയ അഴകുള്ള പക്ഷി. പ്രായപൂർത്തിയായ പൂവന് വെളുത്ത നിറവും കറുത്ത തലയുമാണ്. പിടക്ക് നീണ്ട വാലില്ല. ശരീരത്തിന് ചെങ്കൽ നിറവും കറുത്ത തലയുമാണ്. ആൺകുഞ്ഞിന് പിടയുമായി സാദൃശ്യ മുണ്ടെങ്കിലും നീണ്ട വാലുമുണ്ട്. മഞ്ഞുകാലത്ത് ഹിമാലയത്തിൽ നിന്നും നമ്മുടെ നാട്ടിൽ വിരുന്നെത്തുന്ന ദേശാടക നാണ്. ഇന്ത്യ, ശ്രീലങ്ക, മ്യാൻമാർ, വടക്ക് മധ്യേഷ്യ വരെയും വിതരണം ചെയ്യപ്പെടുന്നു.

RufousTreepie *(Dendrocitta vagabunda)* ഓലേഞ്ഞാലി

As the name indicates it prefers the trees. It is easily recognised by a long tail,white wing bar and ditinct calls. It is found in villages, towns, cities and forest edges preferring orchards and plantations. Chiefly insectivorous bird. Nest is a deep cup lined with twigs and roots and built on trees. It is distributed in most parts of India and South-east Asia

പേര് സൂചിപ്പിക്കുന്നതു പോലെ ഇവ മരങ്ങളിൽ വസിക്കുന്നു. ഇവയുടെ നീണ്ട വാലിനാൽ എളുപ്പത്തിൽ തിരിച്ചറിയാം. പൂട്ടിയ ചിറകിൽ വെളുത്ത പട്ടയുണ്ട്. പ്രത്യേകതയാർന്ന ചിലച്ചിൽ. ഗ്രാമ-നഗരങ്ങളിലും തോട്ടങ്ങളിലും കാണപ്പെടുന്നു. മുഖ്യഭക്ഷണം കീടങ്ങളാണ്. കപ്പിന്റെ ആകൃതിയിൽ ആഴത്തിലുള്ള കൂട് ചുള്ളിക്കമ്പുകൾ, വേരുകൾ എന്നിവ കൊണ്ട് മരങ്ങളിൽ ഒരുക്കുന്നു. ഇന്ത്യയിൽ മിക്കയിടത്തും തെക്ക്-കിഴക്കനേഷ്യ എന്നിവിടങ്ങളിലും വിതരണം ചെയ്യപ്പെടുന്നു.

House Crow *(Corvus splendens)* പേനക്കാക്ക

A large black bird livingin association withhumans. It has a greyish neck by which it canbe distinguished from the Indian Jungle Crow. Feeds on many kinds of food and it is also an efficient scavenger. Nest is made of twigs and placed in trees or electric poles. Roosts communally in trees. Distributed throughout the Indian subcontinent and also Myanmar.

മനുഷ്യ സംസർഗത്തിൽ ജീവിക്കുന്ന കറുത്ത വലിയ പക്ഷി. ചാരനിറത്തിലുള്ള കഴുത്ത് ഇവയെ ബലിക്കാക്കയിൽ നിന്നും എളുപ്പത്തിൽ തിരിച്ചറിയാൻ സഹായിക്കുന്നു. എന്തും ഭക്ഷിക്കുന്ന ഇവ നല്ലൊരു ശുചീകരണ പക്ഷികൂടിയാണ്. ചുള്ളിക്കമ്പുകൾ കൊണ്ട് മരങ്ങളിലും വൈദ്യുതി തൂണുകളിലും കൂട് നിർമ്മിക്കുന്നു. മരങ്ങളിൽ കൂട്ടമായി ചേക്കേറുന്നു. ഇന്ത്യയിൽ വ്യാപകമായും മ്യാൻമാറിലും വിതരണം ചെയ്യപ്പെടുന്നു.

Indian Jungle Crow *(Corvus macrorhynchos)* ബലിക്കാക്ക

Larger than a House Crow with a large beak. The call is distinct from the House Crow. It is omnivorous in diet and feeds on municipal refuse and garbage. Also a good scavenger like House Crow. It builds a cup like nest lined with coir and fibre. Distributed throughout India, South-east Asia and upto northern China.

പേനക്കാക്കയെക്കാൾ വലിയ ദേഹവും കൊക്കും. പേനക്കാക്കയിൽ നിന്നും വിഭിന്നമായ പരുക്കൻ വിളി. മിശ്രഭുക്കായ ഇവ നഗര മാലിന്യവും ഭക്ഷണാവശിഷ്ടങ്ങളും ഭക്ഷിക്കുന്നു. പേനക്കാക്കയെപ്പോലെ തന്നെ നല്ലൊരു ശുചീകരണ പക്ഷിയാണ്. കമ്പുകളും ചകിരിനാരുകളും കൊണ്ട് കോപ്പയുടെ ആകൃതിയിൽ കൂടൊരുക്കുന്നു. ഇന്ത്യയിൽ മുഴുവനായും തെക്ക് കിഴക്കനേഷ്യ മുതൽ വടക്കൻ ചൈന വരെയും വിതരണം ചെയ്യപ്പെടുന്നു.

Red-rumped Swallow *(Cecropis daurica)* വരയൻ കത്രിക

This swallow has metallic blue upperparts and white underparts with faint streaks, rufous patch in the neck side and a prominent rufous rump. Usually seen in flight. When perched they form a long line usually in the company of wintering barn swallows. Nest is cup shaped made of mud and stuck against walls of culverts and bridges. It is widely distributed in India.

പുറംവശം ലോഹ തുല്യമായ നീലനിറം. അടിവശം മങ്ങിയ വരകളോടെയുള്ള വെള്ള നിറം. കഴുത്തിനും പൃഷ്ഠ ഭാഗത്തിനും ചെമ്പിച്ച തവിട്ടു നിറം. പതിവായി പറന്നു നടക്കുന്ന പ്രകൃതം. നീണ്ട വരിയായി ശൈത്യകാല കുരുവികളോടൊപ്പം കുത്തിയിരിക്കുന്നതുകാണം. പാലങ്ങളുടെയും കലുങ്കുകളുടെയും ചുമരുകളിൽ ചെളി ഉപയോഗിച്ച് കോപ്പ ആകൃതിയിലുള്ള കൂട് ഒട്ടിച്ചു വെയ്ക്കുന്നു. ഇന്ത്യയിൽ വ്യാപകമായി വിതരണം ചെയ്യപ്പെടുന്നു.

Red-whiskered Bulbul *(Pycnonotus jocosus)* ഇരട്ടത്തലച്ചി

A fruit-eating bird, found both in the plains as well as the hills. It prefers open areas and forest edges. It is easily recognisable by its narrow black crest and red cheeks. It builds a cup shape nest in bushes. The nest is made of roots, twigs and grasses. It is distributed in most parts of India and South-east Asia.

കുന്നുകളിലും സമതലങ്ങളിലും കാണപ്പെടുന്ന പഴംതീനി പക്ഷി. തുറസ്സായ സ്ഥലങ്ങളും വനാതിർത്തികളും ഒരുപോലെ ഇഷ്ടപ്പെടുന്നു. വീതി കുറഞ്ഞ കറുത്ത ശിഖയും ചുവന്ന ചെള്ളയുമുള്ള ഇവയെ എളുപ്പത്തിൽ തിരിച്ചറിയാം. കുറ്റിക്കാടുകളിൽ കപ്പിന്റെ ആകൃതിയിൽ വേരുകളും കമ്പുകളും പുല്ലും ചേർത്ത് കൂടൊരുക്കുന്നു. ഇന്ത്യയിൽ മിക്കയിടത്തും തെക്ക്-കിഴക്കനേഷ്യയിലും വിതരണം ചെയ്യപ്പെടുന്നു.

Red-vented Bulbul *(Pycnonotus cafer)* നാട്ടുബുൾബുൾ

A largely brown bird withred vent, black head and white rump. Head is partially crested. It prefers open habitat with sparse trees and bushes. It is a chiefly fruit-eating bird but also consumes insects. It is a major seed dispersing agent. Nest iscup shaped and placed in bushes. Widely distributed in India, upto Thailand in the East.

കറുത്ത തലയും വെളുത്ത പൃഷ്ഠഭാഗവും ഗുദം ചുവന്ന തുമായ തവിട്ടു നിറത്തിലുള്ള പക്ഷി. തലക്കു മീതെ ചെറിയ ശിഖയുണ്ട്. മുഖ്യ ഭക്ഷണം പഴങ്ങളാണെങ്കിലും പ്രാണികളെയും ഇരയാക്കുന്നു. പ്രധാന വിത്തു വിതരണ പക്ഷിയാണ്. കോപ്പ ആകൃതിയിലുള്ള കൂട് കുറ്റിക്കാടുകളിൽ നിർമ്മിക്കുന്നു. ഇന്ത്യയിൽ വ്യാപകമായും കിഴക്ക് തായ്‌ലന്റ് വരെയും കാണപ്പെടുന്നു.

White-browed Bulbul *(Pycnonotus luteolus)* തവിടൻ ബുൾബുൾ

It is an olive green bulbul with yellow vent and white eyebrow. It has a skulking habit and is not easily seen in the open. It prefers the plains and low elevation forest. Like other bulbuls, it is a chiefly fruit-eating bird and plays an important role in seed dispersal. A cup shaped nest is built in a bush. It is chiefly distributed in peninsular India.

ഒലിവ് പച്ചനിറത്തിലുള്ള പക്ഷി. ഉദരത്തിന് അടിവശം മഞ്ഞ നിറമാണ്. വെളുത്ത കൺപുരികം. പതുങ്ങി കഴിയുന്ന ശീലമായതിനാൽ തുറസ്സായ സ്ഥലത്ത് ഇവയെ അപൂർവ്വ മായെ കാണുകയുള്ളു. സമതലങ്ങളിലും കാടു നിറഞ്ഞ കുന്നിൻ ചെരുവുകളിലും വസിക്കുന്നു. മറ്റ് ബുൾബുൾ കളെപ്പോലെ തന്നെ മുഖ്യ ഭക്ഷണം പഴങ്ങളാണ്. വിത്തു വിതരണത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. കുറ്റിക്കാടുകളിൽ കോപ്പ മാതൃകയിൽ കൂടൊരുക്കുന്നു. ഇന്ത്യൻ ഉപദ്വീപിൽ മുഖ്യമായി വിതരണം ചെയ്യപ്പെടുന്നു.

Yellow-throated Bulbul *(Pycnonotus xantholaemus)* മഞ്ഞത്താലി ബുൾബുൾ

This species is endemic to peninsular India and is patchily distributed within this region in rocky hillocks. It has Yellow throat, head, vent and greyish underparts. Like a typical bulbul its primary food source is fruits. It has a skulking behaviour like White-browed Bulbul. It builds a cup shaped nest lined with twigs and cobwebs.

ഇന്ത്യൻ ഉപദ്വീപിലെ തനത് പക്ഷിയായ ഇവയെ പാറക്കെട്ടുകൾ നിറഞ്ഞ ചെറിയ കുന്നുകളിൽ കാണപ്പെടുന്നു. തല, കഴുത്ത്, പൃഷ്ഠഭാഗം എന്നിവയ്ക്ക് മഞ്ഞനിറം. നെഞ്ചിനും അടിവയറിനും ചാര നിറം. കവി പക്ഷികളുടെ സവിശേഷത പോലെ മുഖ്യമായി പഴങ്ങൾ ഭക്ഷിക്കുന്നു. തൊപ്പി കിളികളുടേതുപോലെ പതുങ്ങി കഴിയുന്ന പ്രകൃതം. കോപ്പയുടെ ആകൃതിയിൽ ചുള്ളിക്കമ്പുകൾ കൊണ്ടും ചിലന്തി വലകൾ കൊണ്ടും കൂട് നിർമ്മിക്കുന്നു.

Grey-breasted Prinia *(Prinia hodgsonii)* താലിക്കുരുവി

A small bird of the grasses and bushes. It sports a prominent greyish breast and gives out a stinging call by which it can be readily identified. The tail is graduated with a white tip. It is found in the plains and in the hills, but usually in the hills. Nest is cup shaped lined with grasses and fibres and stitched together with leaves. Widely distributed in India.

കുറ്റിക്കാടുകളിലും പുൽപ്രദേശത്തും കാണപ്പെടുന്ന ചെറിയ പക്ഷി. നെഞ്ച് ഭാഗത്തിന് ചാരനിറമാണ്. തീവ്ര സങ്കടം തോന്നിപ്പിക്കുന്ന ഇവയുടെ വിളികൊണ്ട് എളുപ്പത്തിൽ തിരിച്ചറിയാം. നീണ്ട വാലിന്റെ അറ്റം വെള്ളയിൽ അവസാനിക്കുന്നു. പതിവായി കുന്നിൻ പ്രദേശത്ത് കാണുന്ന ഇവയെ സമതലങ്ങളിലും കണ്ടു വരുന്നു. ഇലകൾ തുന്നിച്ചേർത്ത് കപ്പിന്റെ ആകൃതിയിൽ കൂട് നിർമ്മിക്കുന്നു. ഇന്ത്യയിൽ വ്യാപകമായി വിതരണം ചെയ്യപ്പെടുന്നു.

Common Tailorbird *(Orthotomus sutorius)* തുന്നാരൻ

A small bird, usually found moving through the bushes. It can be found in urban, rural and forested habitats. It has a distinct call with which it can be readily identified. It has a rufous cap and long pointed tail. As the name implies it builds a nest stitched together with leaves. Distributed in most parts of India and South-east Asia

കുറ്റിക്കാടുകളിലും വീട്ടുവളപ്പിലും കാണപ്പെടുന്ന സർവ്വ സാധാരണമായ ചെറിയ പക്ഷി. ഗ്രാമ-പട്ടണ പ്രദേശങ്ങളിലെ കാട് നിറഞ്ഞ ഭാഗങ്ങളിൽ വസിക്കുന്നു. ഇവയുടെ വ്യത്യസ്തതയാർന്ന ചിലയ്ക്കൽ എളുപ്പത്തിൽ തിരിച്ചറിയാൻ സഹായിക്കും. തവിട്ടു കലർന്ന ചെമ്പൻ നിറത്തിലുള്ള തൊപ്പിയുണ്ട്. വാൽ നീണ്ട് കൂർത്തിരിക്കും. പേര് പോലെ ഇലകൾ തമ്മിൽ തുന്നിച്ചേർത്ത് കൂട് നിർമ്മിക്കുന്നു. ഇന്ത്യയിലും തെക്ക്-കിഴക്കനേഷ്യയിലും വിതരണം ചെയ്യപ്പെടുന്നു.

Blyth's Reed Warbler *(Acrocephalus dumetorum)* ഈറ്റപൊളപ്പൻ

A small brownish insect eating bird, wintering in India. It occupies dense bushes lining either side of forest tracks or rural roads. The give out a distinct 'chuck chuck' call by which they can be readily identified. They are found both in the plains as well as the hills. They breed in northern and Western Russia and in Iran and Central Asia.

തവിട്ടു നിറത്തിലുള്ള ചെറിയ പക്ഷി. മുഖ്യ ഭക്ഷണം പ്രാണികളാണ്. മഞ്ഞുകാലത്ത് വിരുന്നെത്തുന്ന ദേശാടകൻ. കാട്ടുപാതയ്ക്കിരുവശത്തുള്ള ഇടതിങ്ങിയ കുറ്റിക്കാടുകളും ഗ്രാമവഴികളുമാണ് ആവാസ കേന്ദ്രം. ഇവയുടെ ചക്ക്.....ചക്ക് വിളികൊണ്ട് എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയുന്നു. കുന്നുകളിലും സമതലങ്ങളിലും കാണപ്പെടുന്നു. വടക്കു പടിഞ്ഞാറ് റഷ്യ, ഇറാൻ, മധ്യേഷ്യ എന്നിവിടങ്ങളിൽ പ്രജനനം ചെയ്യപ്പെടുന്നു.

Greenish Warbler *(Phylloscopus trochiloides)* ഇളംപച്ച പൊടിക്കുരുവി

A common winter visitor to India from the temperate and arctic zone. It occupies both disturbed and undisturbed habitats. It is a small greenish bird with a greenish supercilium and with/without wing bars. It feeds on insects as it moves through the foliage and is difficult to track because of its fast movements.

ആർട്ടിക് മേഖലയിൽ നിന്നും മഞ്ഞുക്കാലത്ത് വിരുന്നെത്തുന്ന ഒരു ചെറിയ ദേശാടന പക്ഷി. ശാന്തവും അശാന്തവുമായ പ്രദേശങ്ങളിൽ ഒരുപോലെ കാണപ്പെടുന്നു. ശരീരത്തിന് ഇളം പച്ച നിറമാണ്. നേർത്ത കൺപുരികം. ചിറകിലെ നേർത്ത പക്ഷരേഖ ഉള്ളവയും ഇല്ലാത്തവയുമുണ്ട്. പച്ചില ചാർത്തിലൂടെ വളരെ വേഗത്തിൽ പറന്ന് നടന്ന് ഇരപിടിക്കുന്നതിനാൽ ഇവയെ പിന്തുടരാൻ പ്രയാസമാണ്.

Yellow-billed Babbler *(Turdoides affinis)* പൂത്താങ്കിരി

A light brown bird prominent in our backyard. It is found in flocks foraging on the ground. It closely resembles the Jungle Babbler but can be distinguished from its feeble call when compared to the harsh call of the Jungle Babbler. Found close to humans and avoids forest. It builds a bowl shaped nest. A species endemic to peninsular India and Sri Lanka.

നമ്മുടെ പുരയിടത്തിൽ പ്രധാനമായി കാണപ്പെടുന്ന ഇളം തവിട്ടു നിറത്തിലുള്ള പക്ഷി. ഇവ സംഘമായി നിലത്ത് ഇര തേടി നടക്കുന്നത് കാണാം. കരിയിലക്കിളിയുമായി വളരെ സാദൃശ്യമുണ്ടെങ്കിലും കരിയിലക്കിളികളുടെ പരുക്കൻ ശബ്ദത്തെ അപേക്ഷിച്ച് ഇവയുടെ ശബ്ദം വളരെ നേർത്തതാണ്. വനപ്രദേശം ഒഴിവാക്കി മനുഷ്യരോട് അടുത്ത് കഴിയുന്നു. കൂട് കോപ്പയുടെ ആകൃതിയിലാണ്. ഇന്ത്യ, ശ്രീലങ്ക, ഉപദ്വീപുകളിൽ പ്രത്യേകമായി കാണപ്പെടുന്നു.

Jungle Babbler *(Turdoides striatus)* **കരിയിലക്കിളി**

A species of the same family as Yellow-billed Babbler but inhabiting the forest. They are usually seen in large noisy flocks as they move through the forest floor in search of insects and other prey. They also feed on fruits and nectar. Nest is a cup of twigs, roots and grass placed in the forks of trees or in Bamboo clumps. It is distributed throughout India.

പൂത്താങ്കിരി വിഭാഗത്തിൽപ്പെട്ട ഇവ കാടുകളിൽ വസിക്കുന്നു സദാ വലിയ കൂട്ടത്തോടെ ശബ്ദമുണ്ടാക്കി നിലത്ത് നടന്ന് ഭക്ഷണം തേടുന്നു. കീടങ്ങൾക്കു പുറമെ ഫലങ്ങളും പൂന്തേനും ഭക്ഷിക്കുന്നു. മുളങ്കൂട്ടത്തിലും വൃക്ഷ ശിഖരങ്ങളിലും ചുള്ളിക്കമ്പുകൾ, വേര്, പുല്ല് എന്നിവയുപയോഗിച്ച് കപ്പ് ആകൃതിയിൽ കൂട് നിർമ്മിക്കുന്നു. ഇന്ത്യയിലൊട്ടാകെ വിതരണം ചെയ്യപ്പെടുന്നു.

Common Myna *(Acridotheres tristis)* നാട്ടുമൈന

A common bird in cities and villages in association with human beings. Identified easily by a yellow patch around the eye. It is a group living omnivorous bird feeding on insects, fruits and flower nectar. Prefers the plains to the hills. It uses the cavity in coconut and palm trees as nest. It is distributed throughout India and South-east Asia.

മനുഷ്യനോട് ചേർന്നു നിൽക്കുന്നതും ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഒരു പോലെ കാണപ്പെടുന്നതുമായ നാട്ടുപക്ഷി. മഞ്ഞ നിറത്തിലുള്ള കൺപ്പട്ടയുള്ളതിനാൽ എളുപ്പത്തിൽ തിരിച്ചറിയാവുന്നതാണ്. കൂട്ടമായി വസിക്കുന്ന മിശ്രഭുക്കുകളായ ഇവ പഴങ്ങളും പൂന്തേനും കീടങ്ങളെയും ഭക്ഷിക്കുന്നു. കുന്നുകളെ അപേക്ഷിച്ച് സമതലങ്ങൾ ഇഷ്ടപ്പെടുന്നു. തെങ്ങിലും പനയിലുമുള്ള പൊത്തുകൾ കൂടായി ഉപയോഗിക്കുന്നു. ഇന്ത്യയിലും തെക്ക്-കിഴക്കനേഷ്യയിലും വിതരണം ചെയ്യപ്പെടുന്നു.

Jungle Myna *(Acridotheres fuscus)* കിന്നരിമൈന

Similarin size of the Common Myna but lacking the yellow patch behind the eye. Adult birds have prominent tuft of feather at the base of the upper bil. They differ fromthe Common Myna in preferring hills to the plains and are usually found in forest edges and clearings. They make nest in tree cavities. They are widely distributed in India, except the arid North-west and central India.

നാട്ടുമൈനയുമായി ഏറെ സാദൃശ്യമുണ്ട്. പക്ഷെ കണ്ണിനു പുറകിൽ മഞ്ഞ നിറത്തിലുള്ള നഗ്നചർമ്മമില്ല. മുതിർന്ന പക്ഷിക്ക് നെറ്റിക്കും മേൽ ചുണ്ടിനുമിടയിൽ ചെറിയ കിന്നരിയുണ്ട്. നാട്ടുമൈനയെ അപേക്ഷിച്ച് ഇവ കുന്നിൻ പ്രദേശങ്ങളിൽ കഴിയുവാനിഷ്ടപ്പെടുന്നു. വനാതിരുകളിലും തുറസ്സായ സ്ഥലങ്ങളിലും കാണപ്പെടുന്നുണ്ട്. മരപ്പൊത്തുകളിൽ കൂടൊരുക്കുന്നു. വരണ്ട വടക്ക്-പടിഞ്ഞാറ് മേഖലയിലും, മധ്യേന്ത്യയിലും ഒഴികെ എല്ലായിടത്തും കണ്ടുവരുന്നു.

Chestnut- tailed Starling *(Sturnia malabarica)* ചാരത്തലക്കാളി

A largely greyish Myna, with Chestnut underparts and white throat. A winter visitor to southern India from the North-East through the Satpuras. Unlike the Common and Jungle Myna it is chiefly arboreal and feeds in flocks.

ചാരനിറത്തിലുള്ള മൈന. വെളുത്ത തൊണ്ട. അടിവയറിന് ചെമ്പിച്ച തവിട്ടുനിറം. വടക്ക്-കിഴക്ക് പ്രവിശ്യയിൽ നിന്നും മഞ്ഞുകാലത്ത് നമ്മുടെ നാട്ടിൽ വിരുന്നെത്തുന്ന ദേശാടകനാണ്. നാട്ടുമൈനയെയും, കിന്നരിമൈനയെയും അപേക്ഷിച്ച് ഇവ പ്രധാനമായും വൃക്ഷങ്ങളിൽ വസിക്കുകയും സംഘമായി ഇര തേടുകയും ചെയ്യുന്നു.

Rosy Starling *(Pastor roseus)* പാന്തിക്കാളി

A winter visitor to India from Central Asia and Eastern Europe. Adult birds have a black head, wing coverts and tail. The underparts, bill and mantle are pink. They are found in huge flocks some of which can reach upto 3000 birds and they form spectacular patterns in the sky, especially at dusk. They feed on berries and insects.

മധ്യേഷ്യയിൽ നിന്നും കിഴക്കൻ യൂറോപ്പിൽ നിന്നും ശൈത്യകാലത്ത് വിരുന്നെത്തുന്ന ദേശാടന പക്ഷി. പ്രായപൂർത്തിയായ പക്ഷിക്ക് കറുത്ത തലയും ഗുപ്തമായ ചിറകും വാലുമാണ്. ശരീരത്തിന് അടിവശവും കൊക്കും മേലങ്കിയും പിങ്ക് നിറത്തിലാണ്. 3000 എണ്ണം വരെ കൂട്ടമായി വരാവുന്ന ഇവയെ അസ്തമയ സമയങ്ങളിൽ ശ്രദ്ധേയമായ ക്രമത്തിൽ കാണപ്പെടുന്നു. ബെറികളും പ്രാണികളുമാണ് ഭക്ഷണം.

Orange-headed Thrush *(Zoothera citrina)* കുറിക്കണ്ണൻ കാട്ടുപുള്ള്

This bird has blue upperparts and orange head and underparts, white throat with black stripes. It prefers the ground layer of damp forest and is very silent except during the breeding period. A cup shape nest is built in a leafy bush in the forest, few feet above the ground. There are two races in India. Zoothera citrina cyanotusis resident in peninsular India. Zoothera citrina citrina breeds in the Himalayas and migrates to south India. This race has a complete orange head with no black stripes. Other races are found in South-east Asia.

മൂർദ്ധാവിന് നീലനിറം. ഓറഞ്ച് നിറത്തിലുള്ള തലയും അടിഭാഗവും. വെളുത്ത തൊണ്ടയിൽ കറുത്ത വരകളുണ്ട്. പ്രജനനകാലത്തൊഴിക്കെ ഇവ വളരെ നിശബ്ദരാണ്. ആർദ്ര വനങ്ങളിൽ നിലത്ത് കഴിയുവാനിഷ്ടപ്പെടുന്നു. കുറ്റിക്കാടുകളിൽ തറയിൽ നിന്നും കുറഞ്ഞ ഉയരത്തിൽ കപ്പിന്റെ ആകൃതിയിലുള്ള കൂട് വെയ്ക്കുന്നു. ഇന്ത്യയിൽ ഇത്തരം രണ്ട് ഇനങ്ങളുണ്ട്. Zoothera citrina cyanotusis ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ സ്ഥിരവാസിയാണ്. Zoothera citrina citrina ഹിമാലയത്തിൽ പ്രജനനം ചെയ്ത് ദക്ഷിണേന്ത്യയിലേക്ക് ദേശാടകനായെത്തുന്നു. ഈയിനത്തിന്റെ തല പൂർണ്ണമായും ഓറഞ്ചു നിറമാണ്. എന്നാൽ കറുത്ത വരകളില്ല.

Oriental Magpie Robin *(Copsychus saularis)* മണ്ണാത്തിപ്പുള്ള്

A black and white bird inhabiting shaded groves in forest and villages. It is usually found on the ground with an upright tail exposing its vent. It chiefly feeds on insects on the ground. It is famous for its varied melodious songs. Nest is built on holes in trees and buildings. Widely distributed in India, China and South-east Asia

ചെറുവനങ്ങളിലും ഗ്രാമപ്രദേശത്തും അധിവസിക്കുന്ന കറുപ്പും വെളുപ്പും ചേർന്ന നിറത്തിലുള്ള പക്ഷി. വാൽ നേരെ ഉയർത്തിപ്പിടിച്ച് രന്ധ്രഭാഗം വെളിപ്പെടുത്തിക്കൊണ്ട് നിലത്ത് സഞ്ചരിക്കുന്ന ഇവയെ പതിവായി കാണാവുന്നതാണ്. ശ്രുതി മധുരവും വ്യത്യസ്തതയാർന്നതുമായ ഇതിന്റെ ശബ്ദം പ്രസിദ്ധമാണ്. മരങ്ങളിലും കെട്ടിടങ്ങളിലുമുള്ള ദ്വാരങ്ങളിൽ കൂടൊരുക്കുന്നു. ഇന്ത്യ, ചൈന, തെക്ക്-കിഴക്കനേഷ്യ എന്നിവിടങ്ങളിൽ വ്യാപകമായി വിതരണം ചെയ്യപ്പെടുന്നു.

Indian Robin *(Saxicoloides fulicatus)* കൽമണ്ണാത്തി

A species biased to rocky scrub habitat with grasses and scattered bushes. Males are black with white wing patch and orange patch under the tail. Females are brown. It has the habit of cocking up its tail. It is a purely insectivorous bird. A small cup shaped nest is built in the holes of rotting tree stumps. Distributed throughout India, Sri Lanka and parts of Pakistan and Bangladesh.

ചരൽ കുന്നുകൾ, പാറക്കെട്ടുകൾ, തുറസ്സായ പറമ്പുകൾ മുതലായവയാണ് ഈയിനത്തിന്റെ വാസസ്ഥലം. പൂവന് കറുത്ത നിറവും ചിറകിൽ വെള്ളപ്പൊട്ടുമുണ്ട്. വാലിന്റെ അടിവശത്തിന് ഓറഞ്ചു നിറമാണ്. പിടക്ക് തവിട്ടു നിറമാണ്. വാല് പൊക്കിപ്പിടിച്ച് ആകാശത്തേക്ക് ചൂണ്ടി നിൽക്കുന്ന സ്വഭാവമുണ്ട്. ഇവ തികച്ചും പ്രാണികളെ ഭക്ഷിക്കുന്നവയാണ്. കപ്പിന്റെ ആകൃതിയിൽ ദ്രവിച്ച മരക്കുറ്റികളിലെ പൊത്തുകളിൽ കൂടൊരുക്കുന്നു. ഇന്ത്യ, ശ്രീലങ്ക, ബംഗ്ലാദേശ്, പാക്കിസ്ഥാനിന്റെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യപ്പെടുന്നു.

Asian Brown Flycatcher *(Muscicapa dauurica)* തവിട്ടുപാറ്റപിടിയൻ

This species is resident in certain parts of the country and also a winter migrant. It is a small bird with black legs and bill and buffish lores. The eyes are large. It is usually found in the mid storey of the forest. It has the habit of coming back to the same perch again and again after catching an insect in flight. Widely distributed in India.

കറുത്ത കാലും കൊക്കുമുള്ള ചെറിയ പക്ഷി. കണ്ണിനും കൊക്കിനുമിടയിൽ മങ്ങിയ മഞ്ഞ നിറം. വലിയ കണ്ണുകൾ. നിത്യ ഹരിത വനങ്ങളിലും മരങ്ങൾ നിറഞ്ഞ വീട്ടുവളപ്പുകളിലും കാണപ്പെടുന്നു. ഇന്ത്യയിൽ ചില ഭാഗങ്ങളിൽ സ്ഥിരവാസിയാണ്. ചില സമൂഹം മഞ്ഞു കാല ദേശാടകരുമാണ്. പറന്ന് നടക്കുന്ന കീടങ്ങളെ പിടിച്ച് പൂർവ്വസ്ഥാനത്തേക്ക് വീണ്ടും വീണ്ടും ചേക്കേറുന്ന സ്വഭാവം. ഇന്ത്യയിൽ വ്യാപകമായി വിതരണം ചെയ്യപ്പെടുന്നു.

Jerdon's Leafbird *(Chloropsis jerdoni)* നാട്ടിലക്കിളി

A noisy leaf coloured bird inhabiting the forest in the hills. The throat is black with a violet moustachial stripe. It is distributed in central, peninsular India and Sri Lanka. Due to its colour it merges perfectly in the foliage to catch unsuspecting insects. Has a special fondness for flower nectar. The nest is cup shaped and made of roots and fibers and is placed at the tip of a branch.

ഇലകളുടെ നിറവും സദാ ഉച്ചത്തിൽ ചൂളമിടുന്നതുമായ പക്ഷി. കുന്നുകളിലെ മരങ്ങൾ ഇടതിങ്ങിയ സ്ഥലങ്ങളിൽ പാർക്കുന്നു. കറുത്ത തൊണ്ടഭാഗവും വയലറ്റ് നിറത്തിൽ മീശപോലെ വരകളുമുണ്ട്. ഇന്ത്യൻ ഉപദ്വീപിലും ശ്രീലങ്കയിലും വിതരണം ചെയ്യപ്പെടുന്നു. പച്ചിലച്ചാർത്തിൽ ലയിച്ചു പോകുന്ന ഇവയുടെ നിറം കൊണ്ട് കീടങ്ങളെ അസന്ദിഗ്ദ്ധമായി പിടിക്കാൻ സാധ്യമാകുന്നു. പൂന്തേനോട് പ്രത്യേക ഇഷ്ടമാണ്. കപ്പ് ആകൃതിയിൽ വേരുകൾ കൊണ്ടും നാരുകൾ കൊണ്ടും നിർമ്മിക്കുന്ന കൂടുകൾ മരച്ചില്ലാഗ്ര-ങ്ങളിൽ തൂക്കിയിടുന്നു.

Pale-billed Flowerpecker *(Dicaeum erythrorhynchos)* ചെങ്കൊക്കൻ ഇത്തിക്കണ്ണിക്കുരുവി

It is a small bird, brown above and greyish white below. It has a pale pink bill. It feeds chiefly on the fruits of parasitic plants Loranthus and Viscum. They play a major role in the dispersal of these two species. Nest is a oval shaped pouch hanging down from tree branches and made of fibres and vegetable debris. Distributed throughout India, except the arid north-west, and also in Srilanka, Nepal and Myanmar

ഉപരിഭാഗത്തിന് തവിട്ടു നിറവും അടിവശത്തിന് നരച്ച വെള്ള നിറവുമുള്ള ചെറിയ പക്ഷി. മങ്ങിയ പിങ്ക് നിറത്തിലുള്ള കൊക്ക്. മുഖ്യഭക്ഷണം പരാന്ന സസ്യങ്ങളായ ഇത്തിക്കണ്ണികളുടെ പഴമാണ്. ഈ സസ്യങ്ങളുടെ വിത്ത് വിതരണത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. നാരുകളും പച്ചക്കറി അവശിഷ്ടങ്ങൾ കൊണ്ടും അണ്ഠാകൃതിയിൽ ഉണ്ടാക്കുന്ന കൂട് മരക്കൊമ്പുകളിൽ തൂക്കിയിടുന്നു. മഴ കുറഞ്ഞ വടക്ക് പടിഞ്ഞാറ് മേഖലകളിലൊഴികെ ഇന്ത്യയിൽ എല്ലായിടത്തും വിതരണം ചെയ്യപ്പെടുന്നു. കൂടാതെ ശ്രീലങ്ക, നേപ്പാൾ, മ്യാൻമാർ എന്നിവിടങ്ങളിലും കാണപ്പെടുന്നു.

Loten's Sunbird *(Cinnyris lotenia)* കൊക്കൻ തേൻകിളി

A completely purple coloured sunbird with long down curved bill. It feeds on flower nectar. Nest is similar to the Purple-rumped and Purple Sunbird, usually hanging from a short branch just above the ground. It is also a hyperactive bird like other sunbirds. It has a restricted distribution in southern India.

പർപ്പിൾ നിറത്തിലുള്ള തേൻകിളി. നീണ്ട് താഴോട്ട് വളഞ്ഞ കൊക്ക്. പൂന്തേൻ ഭക്ഷിക്കുന്നു. ഇവയുടെ കൂടിനു മഞ്ഞ തേൻകിളിയുടെയും കറുപ്പൻ തേൻകിളിയുടെയും കൂടുമായി സാമ്യമുണ്ട്. സാധാരണയായി നിലത്തു നിന്നും കുറഞ്ഞ ഉയരത്തിലുള്ള വൃക്ഷ കമ്പുകളിൽ കൂട് തൂക്കിയിടുന്നു. മറ്റ് തേൻകിളികളെപ്പോലെ തന്നെ ഏറെ പ്രസരിപ്പോടെ കഴിയുന്നു. ദക്ഷിണേന്ത്യയിൽ പരിമിതമായി വിതരണം ചെയ്യപ്പെടുന്നു.

Purple-rumped Sunbird *(Leptocoma zeylonica)* മഞ്ഞതേൻക്കിളി

A small purple coloured sunbird with yellowish underparts. It has a curved beak and feeds on flower nectar. It is a hyperactive bird and constantly produces a cheweechewee call. It is found in home gardens, scrub jungles and forest edges. It builds a pendulous nest in short trees or shrubs. It has a restricted distribution found in Peninsular India, NE India into Myanmar.

പർപ്പിൾ നിറത്തിലുള്ള ചെറിയ പക്ഷി. ശരീരത്തിന് അടിവശം മഞ്ഞ നിറമാണ്. വളഞ്ഞ കൊക്ക്. പൂന്തേനാണ് മുഖ്യ ഭക്ഷണം. ഏറെ പ്രസരിപ്പുള്ള ഇവ നിരന്തരം ച്വി..... ച്വി..... എന്ന് ചിലയ്ക്കുന്നു. വീട്ടുതൊടികളിലും കുറ്റിക്കാടുകളിലും വനാതിർത്തികളിലും കാണപ്പെടുന്നു. മരങ്ങളുടെ ശാഖാഗ്രങ്ങളിൽ തൂങ്ങിയാടുന്ന കൂട് നിർമ്മിക്കുന്നു. ഇന്ത്യൻ ഉപദ്വീപിലും വടക്ക്-കിഴക്ക് പ്രദേശങ്ങൾ, മ്യാൻമാർ എന്നിവിടങ്ങളിൽ പരിമിതമായി വിതരണം ചെയ്യപ്പെടുന്നു.

Purple Sunbird *(Cinnyris asiaticus)* കറുപ്പൻ തേൻകിളി

They are similar in appearance to the Loten's Sunbird, with metallic blue wings and body. Their bill is curved but slightly shorter than Loten's. Females have complete yellow underparts. They primarily feed on flower nectar, but also eat small insects and spiders. Nest is built in shrubs or small trees and are pendulous. They are distributed throughout India.

കാഴ്ചയിൽ കൊക്കൻ തേൻകിളിയെ പോലെയിരിക്കുന്ന ഇതിന്റെ ശരീരത്തിനും ചിറകിനും തിളങ്ങുന്ന നീല നിറമാണ്. നീണ്ടു വളഞ്ഞ കൊക്കിന് ചെറുതേൻ കിളിയുടേതിനെ അപേക്ഷിച്ച് നീളം കുറവാണ്. പെൺപക്ഷിയുടെ അടിവശം മഞ്ഞ നിറമാണ്. മുഖ്യഭക്ഷണം പൂന്തേനാണെങ്കിലും പ്രാണികളെയും ചിലന്തികളെയും ഇരയാക്കുന്നു. കുറ്റിച്ചെടികളിലും ഉയരം കുറഞ്ഞ മരങ്ങളിലും തൂങ്ങിയാടുന്ന കൂടൊരുക്കുന്നു. ഇന്ത്യയിലൊട്ടാകെ വിതരണം ചെയ്യപ്പെടുന്നു.

Notes

Notes

Notes

Notes

Birds of KILA കിലയിലെ പക്ഷികൾ

Red Spurfowl
(Galloperdix spadicea)
മുള്ളൻ കോഴി

Indian Peafowl
(Pavo cristatus)
മയിൽ

Woolly-necked Stork *(Ciconia episcopus)*
കരുവാരക്കുരു

Indian Pond Heron
(Ardeola grayii)
കുള്ളൻകൊക്ക്

Shikra
(Accipiter badius)
പ്രാപിടിയൻ

Common Pigeon
(Columba livia)
അമ്പലപ്രാവ്

Spotted Dove
(Stigmatopelia chinensis)
അരിപ്രാവ്

Rose-ringed Parakeet
(Psittacula krameri)
രാരാതിരത്തത്ത

Common Hawk Cuckoo
(Hierococcyx varius)
പേക്കുയിൽ

Asian Koel
(Eudynamys scolopacus)
കരിങ്കുയിൽ

Greater Coucal
(Centropus sinensis)
ചെമ്പോത്ത്

Jungle Owlet
(Glaucidium radiatum)
ചെമ്പൻനത്ത്

Jerdon's Nightjar
(Caprimulgus atripennis)
രാച്ചാങ്കൻ

Asian Palm Swift
(Cypsiurus balasiensis)
ചന്നക്കുളൻ

Little Swift
(Apus affinis)
അമ്പലപ്പുറ്റി

White-throated Kingfisher
(Halcyon smyrnensis)
നീലപൊൻമാൻ

Green Bee-eater
(Merops orientalis)
നാട്ടുവേലിത്തത്ത

Chestnut-headed Bee-eater
(Merops leschenaulti)
ചെന്തലയൻ വേലിത്തത്ത

White-cheeked Barbet
(Megalaima viridis)
ചിന്നകുട്ടുറുവൻ

Rufous Woodpecker
(Micropternus brachyurus)
ചെമ്പൻ മരംകൊത്തി

Brown-capped Pygmy Woodpecker
(Dendrocopos nanus)
തണ്ടാൻ മരംകൊത്തി

Lesser Goldenback Woodpecker
(Dinopium benghalense)
നാട്ടുമരംകൊത്തി

Indian Pitta
(Pitta brachyura)
കാവിലിട്ടി

Ashy Wood Swallow
(Artamus fuscus)
ഇണകാത്തേവൻ

Black-headed Cuckooshrike
(Coracina melanoptera)
കരിങ്ങോലി

Large Cuckooshrike
(Coracina macei)
ചാരപ്പൂങ്ങൻ

Common Iora
(Aegithina tiphia)
അയോറ

Brown Shrike
(Lanius cristatus)
തവിടൻ ഷൈക്ക്

Black Drongo
(Dicrurus macrocercus)
ആനറാഞ്ചി

Ashy Drongo
(Dicrurus leucophaeus)
കാക്കത്തമ്പുരാൻ

Greater Racket-tailed Drongo
(Dicrurus paradiseus)
കാടുമുഴക്കി

Bronzed Drongo
(Dicrurus aeneus)
മുളിന്തക്കാക്ക

Indian Golden Oriole
(Oriolus kundoo)
മഞ്ഞക്കിളി

Black-hooded Oriole
(Oriolus xanthornus)
മഞ്ഞക്കറുപ്പൻ

Asian Paradise-flycatcher
(Terpsiphone paradisi)
നാകരാഗഹൻ

RufousTreepie
(Dendrocitta vagabunda)
ഓലേഞ്ഞാലി

House Crow
(Corvus splendens)
പേനക്കാക്ക

Indian Jungle Crow
(Corvus macrorhynchos)
ബലിക്കാക്ക

Red-rumped Swallow
(Cecropis daurica)
വരയൻ കുന്നിക

Red-whiskered Bulbul
(Pycnonotus jocosus)
ഇരട്ടത്തലച്ചി

Red-vented Bulbul
(Pycnonotus cafer)
നാട്ടു ബുൾബുൾ

White-browed Bulbul
(Pycnonotus luteolus)
തവിടൻ ബുൾബുൾ

Yellow-throated Bulbul
(Pycnonotus xanthogaemus)
മഞ്ഞത്താലി ബുൾബുൾ

Grey-breasted Prinia
(Prinia hodgsonii)
താലിക്കുരുവി

Common Tailorbird
(Orthotomus sutorius)
തുന്നാരൻ

Blyth's Reed Warbler
(Acrocephalus dumetorum)
ഈറ്റപ്പൊപ്പരപ്പൻ

Greenish Warbler
(Phylloscopus trochiloides)
ഇളംചുള പൊടിക്കുരുവി

Yellow billed Babbler
(Turdoides affinis)
പൂന്താംകിരി

Jungle Babbler
(Turdoides striatus)
കരിയിലക്കിളി

Common Myna
(Acridotheres tristis)
നാട്ടുമൈന

Jungle Myna
(Acridotheres fuscus)
കിന്നരിമൈന

Chestnut- tailed Starling
(Sturnia malabarica)
ചാരത്തലക്കാളി

Rosy Starling
(Pastor roseus)
പാത്തിക്കാളി

Orange-headed Thrush
(Zoothera citrina)
കുറിക്കണ്ണൻ കാട്ടുപുള്ള്

Oriental Magpie Robin
(Copsychus saularis)
മണ്ണാത്തിപ്പുള്ള്

Indian Robin
(Saxicoides fulicatus)
കരിങ്കണ്ണാത്തി

Asian Brown Flycatcher
(Muscicapa dauurica)
തവിട്ടു പാറ്റപിടിയൻ

Jerdon's Leafbird
(Chloropsis jerdoni)
നാട്ടിലക്കിളി

Pale-billed Flowerpecker
(Dicaeum erythrorhynchos)
ചെങ്കൊക്കൻ ഇത്തിക്കണ്ണികുരുവി

Loten's Sunbird
(Cinnyris lotenia)
കൊക്കൻ തേൻകിളി

Purple-rumped Sunbird
(Leptocoma zeylonica)
മഞ്ഞ തേൻകിളി

Purple Sunbird
(Cinnyris asiaticus)
കറുപ്പൻ തേൻകിളി

Kerala Institute of Local Administration (KILA)

Mulamkunnathukavu P.O., Thrissur – 680 581, Kerala

Phone: 0487-2207000 Fax: 0487-2201062

E-mail: info@kila.ac.in Website: www.kila.ac.in